**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **14-02-2024 - ൽ മറുപടിയ്ക്ക്**

**അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വിഭാഗങ്ങളിൽപ്പെടുന്ന നിർധന കലാകാരന്മാരെ സംരക്ഷിക്കുന്നതിനും തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കലാകാരന്മാർക്ക് പ്രതിമാസം കലാകാര പെൻഷനായി 1600/- രൂപ വീതം നൽകി വരുന്നുണ്ട്. രോഗശയ്യയിലായ കലാകാരന്മാർക്ക് അവരുടെ ചികിത്സാർത്ഥം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ അനുവദിച്ചു വരുന്നു.<br><br>കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യകലാപരിശീലനം നൽകി വരുന്നു. ടി പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകി വരുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ (ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7500/- രൂപയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന, രോഗം മൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായം നൽകുന്നതിനും, രോഗത്തിന്റെ കാഠിന്യം അനുസരിച്ച് പരമാവധി 25,000/- രൂപ വരെ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ, അതത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കൽ എന്നിവ ഓരോ ഗ്രാമത്തിലും ഗ്രാമസന്ധ്യ എന്ന പരിപാടിയിലൂടെ ഫോക് ലോർ അക്കാദമി മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അന്യം നിന്നു പോകുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് നാടൻ കല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 17 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകി വരുന്നുണ്ട്. വിവിധ നാട്ടു കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാരുടെ പ്രശസ്തി ലക്ഷ്യം വെച്ച് പ്രതിവർഷം പുരസ്കാരങ്ങൾ നൽകുന്നുണ്ട്. അക്കാദമിയുടെ സബ് സെന്ററുകളിൽ നാടൻ കലകളുടേയും ഗോത്രകലകളുടേയും പരിശീലനവും നൽകി വരുന്നുണ്ട്. കേരളത്തിലെ സ്കൂൾ തലത്തിലും കോളേജ് തലത്തിലും അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് നാടൻ കലാ ക്ലബ്ബുകൾക്കും നാടൻ കലാ സെമിനാറും ശില്പകലാ ശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു. |
| (ബി) | അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിച്ച് അവയെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കലാകാരന്മാർക്ക് പ്രതിമാസം കലാകാര പെൻഷനായി 1600/- രൂപ വീതം നൽകി വരുന്നുണ്ട്. രോഗശയ്യയിലായ കലാകാരന്മാർക്ക് അവരുടെ ചികിത്സാർത്ഥം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ അനുവദിച്ചു വരുന്നു.<br><br>കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി |

| | | | |
|---|---|---|---|
| | | | വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യകലാപരിശീലനം നൽകി വരുന്നു. ടി പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകി വരുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ (ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7500/- രൂപയും നൽകി വരുന്നു.<br><br>നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന, രോഗം മൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായം നൽകുന്നതിനും, രോഗത്തിന്റെ കാഠിന്യം അനുസരിച്ച് പരമാവധി 25,000/- രൂപ വരെ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ, അതത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കൽ എന്നിവ ഓരോ ഗ്രാമത്തിലും ഗ്രാമസന്ധ്യ എന്ന പരിപാടിയിലൂടെ ഫോക് ലോർ അക്കാദമി മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അന്യം നിന്നു പോകുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് നാടൻ കല അഭ്യസിക്കുന്ന 10 വയസ്സ് മുതൽ 17 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകി വരുന്നുണ്ട്. വിവിധ നാട്ടു കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാരുടെ പ്രശസ്തി ലക്ഷ്യം വെച്ച് പ്രതിവർഷം പുരസ്കാരങ്ങൾ നൽകുന്നുണ്ട്. അക്കാദമിയുടെ സബ് സെന്ററുകളിൽ നാടൻ കലകളുടേയും ഗോത്രകലകളുടേയും പരിശീലനവും നൽകി വരുന്നുണ്ട്. കേരളത്തിലെ സ്കൂൾ തലത്തിലും കോളേജ് തലത്തിലും അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് നാടൻ കലാ ക്ലബ്ബുകൾക്കും നാടൻ കലാ സെമിനാറും ശില്പകലാ ശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | മഴമിഴി നവമാധ്യമ കലാ പരിപാടികൾ, സമം-ലിംഗ സമത്വത്തിനായി ഒരു സാംസ്കാരിക മുന്നേറ്റം, കലാകാരന്മാർക്കുള്ള അഭയകേന്ദ്രം /ഹോം സ്റ്റേ, ഫ്രീഡം മെമ്മോറിയൽ പാർക്ക്, സാംസ്കാരിക പൈതൃക ഗ്രാമം, നാട്ടരങ്ങ്, വിവിധ കലാകാരന്മാർക്കുള്ള ഫെല്ലോഷിപ്പുകൾ എന്നിവയടക്കമുള്ള പദ്ധതികളാണ് ഈ സർക്കാർ |

| | | | |
|---|---|---|---|
| | | | അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ